**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 756** **28-06-2022 - ൽ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ ബാങ്കുകൾ അനുവദിക്കുന്ന റിസ്ക് ഫണ്ട് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സഹകരണ ബാങ്കുകൾ നൽകി വരുന്ന കാർഷിക കാർഷികേതര (സ്വർണ്ണ വായ്പയും, നിക്ഷേപവായ്പയും ഒഴികെയുള്ളവ) വായ്പകൾക്കാണ് റിസ്ക് ഫണ്ട് ആനുകൂല്യം നൽകി വരുന്നത്. വായ്പ എടുക്കുന്ന അംഗങ്ങൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥയ്ക്ക് വിധേയമായുള്ള റിസ്ക് ഫണ്ട് വിഹിതം (ഏറ്റവും കുറഞ്ഞത് 100/- രൂപയും പരമാവധി 1000/- രൂപയും) ഒടുക്കേണ്ടതാണ്. മരണപ്പെട്ട/മാരക രോഗം ബാധിച്ച തീയതിയിൽ വായ്പക്കാരന് 70 വയസ്സിൽ അധികരിക്കരുത്. വായ്പക്കാരൻ മരണപ്പെട്ടാൽ ആറ് മാസത്തിൽ അധികരിച്ച് വായ്പ മുതൽ തിരിച്ചടവിൽ കുടിശ്ശിക (റിസ്ക് ഫണ്ട് ചികിത്സ ധനസഹായത്തിന് കുടിശ്ശിക ബാധകമല്ല) ഉണ്ടാകാൻ പാടില്ല. വായ്പയെടുത്ത അംഗം വായ്പ കാലാവധിയിലോ വായ്പ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന വായ്പ മുതൽ അല്ലെങ്കിൽ 2,00,000/- രൂപ (രണ്ടുലക്ഷം രൂപ) ഇതിൽ ഏതാണോ കുറവ് ആ തുക ഫണ്ടിൽ നിന്നും നൽകുന്നതാണ്. ഒന്നിൽ കൂടുതൽ കോ-ഒബ്ലിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ അതിൽ ഒരു വായ്പക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പക്കാരന്റെ മരണ തീയതിയിൽ ബാക്കി നിൽക്കുന്ന തുകയിൽ ആനുപാതിക തുകയും ഫണ്ടിൽ നിന്നും നൽകുന്നതാണ്. വായ്പ എടുത്തതിനു ശേഷം മാരക രോഗം പിടിപെടുന്ന അംഗങ്ങൾക്ക് വായ്പ മുതലിനത്തിൽ പരമാവധി 1,00,000/- രൂപ ഈ പദ്ധതിയിലെ നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്. |
| (ബി) | റിസ്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് | (ബി) | **അർഹത മാനദണ്ഡങ്ങൾ** |

അറിയിക്കാമോ?

1. വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും എടുക്കുന്ന വായ്പക്കാർക്ക് റിസ്ക് ഫണ്ട് ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.
2. വായ്പ എടുക്കുന്ന അംഗങ്ങളിൽ നിന്നും റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥയ്ക്ക് വിധേയമായുള്ള റിസ്ക് ഫണ്ട് വിഹിതം ഒടുക്കേണ്ടതാണ്.
3. മരണപ്പെട്ട തീയതിയിൽ വായ്പക്കാരന് 70 വയസ്സിൽ അധികരിക്കരുത്.
4. വായ്പക്കാരൻ മരണപ്പെട്ടാൽ 6 മാസത്തിൽ അധികരിച്ച് വായ്പാ മുതൽ തിരിച്ചടവിൽ കുടിശ്ശിക ഉണ്ടാകാൻ പാടില്ല.
5. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച് അടച്ച് തീർത്ത വായ്പകൾക്കും ധനസഹായത്തിന് അർഹതയില്ല.

**മാരകരോഗം**

1. മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്ത വായ്പക്കാർക്ക് മാത്രമാണ് ആനുകൂല്യത്തിന് അർഹതയുള്ളത് .
2. വായ്പ എടുക്കുന്ന തീയതിയിൽ നിയമാനുസൃത പ്രീമിയം അടവാക്കേണ്ടതാണ്.
3. 30.03.2012 തീയതി മുതൽ വായ്പ എടുത്തതിനു ശേഷം മാരക രോഗങ്ങളായ ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗം മൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ, എന്നിവ പിടിപെടുന്ന വായ്പക്കാർക്ക് വായ്പാ ബാക്കിനിൽപ്പോ പരമാവധി 75,000/- രൂപയോ ചികിത്സാ ധനസഹായം നൽകുന്നു.
4. 29.02.2016 തീയതി മുതൽ വായ്പ എടുത്തതിനു ശേഷം ടി.ബി, ലിവർ സീറോസിസ് പിടിപെടുന്ന അംഗങ്ങൾക്കും വായ്പാ ബാക്കിനിൽപ്പോ പരമാവധി 75,000/- രൂപയോ നൽകി വരുന്നു.
5. 20.09.2019-ലെ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം കരൾ

സംബന്ധമായ അസുഖത്തിന് ശസ്ത്രക്രിയ നടത്തിയവർ, അപകടങ്ങളും രോഗങ്ങളും കാരണം ജോലി ചെയ്ത് ജീവിക്കാൻ കഴിയാത്ത വിധം അവയവം മുറിച്ച് മാറ്റപ്പെടുന്ന അവസ്ഥയിലുള്ളവർ, അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയരായവർ എന്നിവർക്ക് എത്ര വായ്പകൾ ഉണ്ടെങ്കിലും വായ്പാ മുതലിനത്തിൽ പരമാവധി 1,00,000/- രൂപ ഈ പദ്ധതിയിലെ ഇതരനിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്.

<u>**റിസ്ക് ഫണ്ട് ധനസഹായ തുക**</u>

1. പദ്ധതി നിലവിൽ വന്ന തീയതി മുതൽ വായ്പയെടുത്ത് മരണപ്പെടുന്നവർക്ക് വായ്പാ ബാക്കി നിൽപ്പോ പരമാവധി 1,00,000/- രൂപയും ആയതിന്റെ പലിശയും റിസ്ക് ഫണ്ട് ധനസഹായമായി നൽകിവരുന്നു.
2. 30.03.2012 തീയതി മുതൽ വായ്പയെടുത്ത് മരണപ്പെടുന്നവർക്ക് വായ്പാ ബാക്കി നിൽപ്പോ പരമാവധി 1,50,000/-രൂപയും ആയതിന്റെ പലിശയും റിസ്ക് ഫണ്ട് ധനസഹായമായി നൽകിവരുന്നു.
3. 20.09.2019-ലെ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം വായ്പയെടുത്ത അംഗം വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കിനിൽക്കുന്ന വായ്പാ മുതൽ അല്ലെങ്കിൽ 2,00,000/-രൂപ ഇതിൽ ഏതാണോ കുറവ് ആ തുക ഫണ്ടിൽ നിന്നും നൽകാവുന്നതാണ്. ഒന്നിൽ കൂടുതൽ പേർ ചേർന്നെടുത്ത കോ-ഓബ്ലിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ, അതിൽ ഒരു വായ്പാക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പാക്കാരന്റെ മരണതീയതിയിൽ ബാക്കി നിൽക്കുന്ന തുകയിൽ ആനുപാതിക തുകയും ഫണ്ടിൽ നിന്നും നൽകാവുന്നതാണ്.
4. ഒരു വായ്പാക്കാരൻ വിവിധ സഹകരണ സംഘം/ബാങ്കുകളിൽ നിന്നും എത്ര വായ്പകൾ എടുത്താലും പരമാവധി 5,00,000/-രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ